## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 792 30.06.2015-ൽ മറുപടിക്ക്

## പകർച്ചവ്യാധികളല്ലാത്ത രോഗങ്ങളുടെ വ്യാപനം നിയന്ത്രിക്കുന്നത്

**ചോദ്യം**

ശ്രീ. സാജുപോൾ

**മറുപടി**

ശ്രീ.വി.എസ്.ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പകർച്ചവ്യാധികളല്ലാത്ത രോഗങ്ങളുടെ വ്യാപനം നിയന്ത്രിക്കുന്നതിനായി 2014-15 ലെ ബഡ്ജറ്റിൽ എത്ര തുകയാണ് വകകൊള്ളിച്ചിരുന്നതെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ; | (എ) | 2014-15 ബഡ്ജറ്റിൽ പകർച്ചവ്യാധികളല്ലാത്ത രോഗങ്ങളുടെ വ്യാപനം നിയന്ത്രിക്കുന്നതിനായി 870 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഒറ്റത്തവണ അധികകേന്ദ്രസഹായം കേന്ദ്രസർക്കാരിൽ നിന്നും 2014-15-ൽ ലഭിക്കാത്തതിനാൽ സംസ്ഥാന സർക്കാർ അനുവദിച്ച തുകയിൽ നിന്ന് 70% മാത്രമേ റിലീസ് ചെയ്യാൻ അനുമതി നൽകിയിരുന്നുള്ളൂ. ആയതിന്റെ അടിസ്ഥാനത്തിൽ 2014-15-ൽ 480.97 ലക്ഷം രൂപ ചെലവഴിക്കുകയും 44.40 ലക്ഷം രൂപ 2015 സെപ്റ്റംബർ 30-നുള്ളിൽ ചെലവഴിക്കുന്നതിന് ഇലക്ട്രോണിക്ക് ലെഡ്ജർ അക്കൗണ്ടിൽ പോസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ തുക വകമാറ്റി ചെലവഴിച്ചതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ